**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

'ഇടുക്കി സ്പെഷ്യൽ വികസന പാക്കേജ്' എന്ന പേരിൽ KIIFB മുഖേന ഇടുക്കി ജില്ലയുടെ വികസനത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവിൽ "തത്വത്തിൽ അനുമതി നൽകി" എന്ന് ഭേദഗതി വരുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(കൈ) നം.10/2026/P&EA തിരുവനന്തപുരം, 01-04-2026

---

പരാമർശം:- സ.ഉ.(കൈ)നം. 7/2026/P&EA തീയതി 14.03.2026.

**ഉത്തരവ്**

'ഇടുക്കി സ്പെഷ്യൽ വികസന പാക്കേജ്' എന്ന പേരിൽ KIIFB മുഖേന ഇടുക്കി ജില്ലയുടെ വികസനത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകി പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശ ഉത്തരവിലെ ഖണ്ഡിക 2 ന്റെ അവസാനഭാഗത്തിൽ 'ഇടുക്കി Special Development Package' എന്ന പേരിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി എന്നത് **തത്വത്തിൽ അനുമതി നൽകി** എന്ന് ഭേദഗതി വരുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശത്തിലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
ജില്ലാ കളക്ടർ, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Infra7/15/2026/Fin നം.കുറിപ്പ് പ്രകാരം)
ധനകാര്യ വകുപ്പ് (Exp-B4/46/2026-Fin നം.കുറിപ്പ് പ്രകാരം)

പൊതുമരാമത്ത് വകുപ്പ് (PWD-G1/126/2026 നം.കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം.3969 പ്രകാരം)
വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Alen Alphonse
Date: 07-04-2026 10:52:54

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.മുഖ്യമന്ത്രിയുടെ പി എസ് ന്
ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പി എസ് ന്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

'ഇടുക്കി സ്പെഷ്യൽ വികസന പാക്കേജ്' എന്ന പേരിൽ KIIFB മുഖേന ഇടുക്കി ജില്ലയുടെ വികസനത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/P&EA തിരുവനന്തപുരം, 14-03-2026

പരാമർശം:- ബഹു.മുഖ്യമന്ത്രി മുമ്പാകെ ബഹു.ജലവിഭവ വകുപ്പ് മന്ത്രിയും ഇടുക്കി എംഎൽഎ യുമായ ശ്രീ.റോഷി അഗസ്റ്റിൻ സമർപ്പിച്ച 21.02.2026 ലെ 23587/VIP/M(WR)/2026 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി നിയോജകമണ്ഡലത്തിന്റെ സമഗ്രവികസനത്തിനായി അടിസ്ഥാനസൗകര്യ മേഖലയിൽ ഇടുക്കിക്ക് ഒരു പ്രത്യേക പാക്കേജായി 'ഇടുക്കി Special Development Package' എന്ന പേരിൽ KIIFB വഴി പദ്ധതികൾ നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിന് KIIFB CEOയ്ക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ഇതിനകം തന്നെ നൽകിക്കഴിഞ്ഞ പട്ടിക(1) ലെ പദ്ധതികൾ Kerala Infrastructure Investment Fund ബോർഡിൽ (KIIFB) സമർപ്പിച്ച് സാധൂകരണം നൽകുന്നതിന് അനുമതി നൽകികൊണ്ടും പട്ടിക (2)-ൽ കൊടുത്തിട്ടുള്ള പദ്ധതികൾ KIIFB ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 'ഇടുക്കി Special Development Package' എന്ന പേരിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടിക-1**

| **ക്രമ നം** | **പ്രവൃത്തിയുടെ പേര്** | **ശിപാർശ ചെയ്തിട്ടുള്ള തുക (കോടിയിൽ)** | **ഭരണാനുമതി ഉത്തരവ്** |
|---|---|---|---|
| 1 | മൂന്നാർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ | ₹ 63.81 | 27.01.2026 ലെ സ.ഉ.(സാധാ).നം.312/2026/ആ. |

| | | | |
|---|---|---|---|
| | വികസനം | | കു.വ |
| 2 | കട്ടപ്പന താലൂക്ക് ആശുപത്രിയുടെ വികസനം | ₹ 20.20 | 11.08.2020-ലെ സ.ഉ (സാധാ) നം.1474/2020/ആ.കു.വ |
| 3 | മൂന്നാർ ഫ്ലൈ ഓവർ | ₹ 79.24 | 10.07.2017 ലെ സ.ഉ (സ ാധാ) നം.942/2017/പൊ.മ.വ |

പട്ടിക-2

| ക്രമ നം | പ്രവൃത്തിയുടെ പേര് | ശിപാർശ ചെയ്തിട്ടുള്ള തുക (കോടിയിൽ) |
|---|---|---|
| 1 | തോപ്രാംകുടി മേലേ ചിന്നാർ (Via) സ്കൂൾ സിറ്റി റോഡ് (ch 0/000 to ch 5/000) | ₹ 6.00 |
| 2 | മുനിയറ - ഇല്ലിസിറ്റി റോഡ് – വട്ടക്കണ്ണിപ്പാറ റോഡ് (ch 0/000 to ch 5/400) | ₹ 8.00 |
| 3 | തളക്കാനം - മങ്കുവ - ചിന്നാർ റോഡ് (ch 15/000 to ch 16/750) | ₹ 3.10 |
| 4 | ചെറുതോണി - വാഴത്തോപ്പ് - മണിയാറൻ കുടി റോഡ് | ₹ 13.00 |
| 5 | മുരിക്കാശ്ശേരി - മേലേ ചിന്നാർ റോഡ് (ch 0/000 to ch 10/000) | ₹ 12.00 |
| 6 | ചേലച്ചുവട് - പെരിയാർ - മുരിക്കാശ്ശേരി റോഡ് (km 3/500 to 9/800) | ₹ 8.00 |
| 7 | പതിനാറാംകണ്ടം - പ്രകാശ് റോഡ് (B/W Ch 0/000-6/300) | ₹ 8.00 |
| 8 | കാൽവരിമൗണ്ട് - തങ്കമണി റോഡ് (0/000 to 5/200) | ₹ 8.00 |
| 9 | തടയമ്പാട് - കുതിരക്കല്ല് - മരിയാപുരം (ch. 0/000 to 6/000) റോഡ് | ₹ 8.00 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
ജില്ലാ കളക്ടർ, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Infra7/15/2026/Fin നം.കുറിപ്പ് പ്രകാരം)
ധനകാര്യ വകുപ്പ് (Exp-B4/46/2026-Fin നം.കുറിപ്പ് പ്രകാരം)
പൊതുമരാമത്ത് വകുപ്പ് (PWD-G1/126/2026 നം.കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം.3969 പ്രകാരം)
വെബ് & ന്യൂ മീഡിയ (പി&ആർഡി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Alen Alphonse
Date: 14-03-2026 16:06:04
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.മുഖ്യമന്ത്രിയുടെ പി എസ് ന്
ബഹു.ജലവിഭവ വകുപ്പ മന്ത്രിയുടെ പി എസ് ന്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. പിഎൽജിഇഎ-എ1/65/2026-പിഎൽജിഇഎ. ഇനം നം: 3969

വിഷയം : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - "ഇടുക്കി Special Development Package" എന്ന പേരിൽ KIIFB വഴി ഇടുക്കി ജില്ലയുടെ വികസനത്തിനുതകുന്ന പദ്ധതികൾക്ക് തത്വത്തിൽ അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

14/3/26

3969

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | പിഎൽജിഇഎ-എ 1/65/2026-പിഎൽജിഇഎ |
| 2. | വകുപ്പ് | ആസൂത്രണ സാമ്പത്തികകാര്യ(എ) വകുപ്പ് |
| 3. | വിഷയം | ഇടുക്കി Special Development Package' എന്ന പേരിൽ KIIFB വഴി ഇടുക്കി ജില്ലയുടെ വികസനത്തിനുതകുന്ന പദ്ധതികൾക്ക് തത്വത്തിൽ അനുമതി നൽകുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02.03.2026 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | കിഫ്ബിയാണ് ചെലവ് വഹിക്കുന്നത് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ലതാകുമാരി എം ബി |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ.ഷർമ്മിള മേരി ജോസഫ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 12.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഇടുക്കി നിയോജക മണ്ഡലത്തിന്റെ സമഗ്രവികസനത്തിനായി അടിസ്ഥാനസൗകര്യ മേഖലയിൽ ഇടുക്കിക്ക് ഒരു പ്രത്യേക പാക്കേജായി ഇടുക്കി Special Development Package KIIFB വഴി നടപ്പിലാക്കുന്നതിന് തത്ത്വത്തിലുള്ള സാമ്പത്തിക അനുമതി ലഭിക്കുന്നതിന് KIIFB CEO യ്ക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച നിർദ്ദേശമാണ് മന്ത്രിസഭായോഗത്തിനുള്ള ഈ കുറിപ്പിലുള്ളത്.

2 നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം, KIIFB വഴി ഒരു പദ്ധതിക്ക് Funding അനുവദിക്കണമെങ്കിൽ ഒന്നുകിൽ പ്രസ്തുത പദ്ധതി ബജറ്റ് പ്രസംഗത്തിൽ KIIFB പദ്ധതിയായി പ്രഖ്യാപിക്കുകയോ അല്ലെങ്കിൽ മന്ത്രിസഭാ അംഗീകാരത്തോടു കൂടി തത്വത്തിലുള്ള ഭരണാനുമതി പുറപ്പെടുവിക്കുകയോ വേണ്ടതാണ്. ഇപ്രകാരം, തത്വത്തിലുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ താഴെ പറയുന്ന പട്ടിക 1-ൽ സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച ചെലവുകൾ നടത്തുന്നതിന് KIIF ബോർഡിന്റെ അംഗീകാരം ആവശ്യമാണ്.

3. നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്ന പട്ടിക 1 ലെ പദ്ധതികൾ ബഡ്ജറ്റ് പ്രസംഗത്തിൽ KIIFB പദ്ധതികളായി ഉൾക്കൊള്ളിച്ചിട്ടുള്ളതും ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. എന്നാൽ, പദ്ധതികൾ KIIF ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ, ടി പദ്ധതികൾ KIIF ബോർഡിൽ സമർപ്പിച്ച് അംഗീകാരം നേടണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പദ്ധതി ചെലവുകൾ KIIFB വഴി നടത്താൻ അനുമതി നൽകാമോ എന്ന വിഷയം തീരുമാനിക്കേണ്ടതാണ്.

---

പട്ടിക -1

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ശിപാർശ ചെയ്തിട്ടുള്ള തുക (കോടിയിൽ) | ഭരണാനുമതി ഉത്തരവ് | ബഡ്ജറ്റ് പ്രസംഗം |
|---|---|---|---|---|
| 1 | മൂന്നാർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ വികസനം (DPR received) | ₹ 63.81 | 27.01.2026-ലെ സ.ഉ. (സാധാ).നം.312/2026/ആ.ക.വ | 2017-18-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 32 |
| 2 | കട്ടപ്പന താലൂക്ക് ആശുപത്രിയുടെ വികസനം (DPR under appraisal) | ₹ 20.20 | 11.08.2020-ലെ സ.ഉ (സാധാ)നം.1474/2020/ആ.ക.വ | 2017-18-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക32 |
| 3 | മൂന്നാർ ഫ്ലൈ ഓവർ | ₹ 79.24 | 10.07.2017-ലെ സ.ഉ | 2017-18-ലെ ബജറ്റ് പ്രസംഗത്തിലെ |

| | | | | |
|---|---|---|---|---|
| | (Revised DPR under preparation) | | (സാധാ)നം.942/2017/പൊ.മ.വ | ഖണ്ഡിക നമ്പർ 156 ക്രമ നമ്പർ 63 |

4 . താഴെ പറയുന്ന പട്ടിക (2)-ൽ കൊടുത്തിട്ടുള്ള പദ്ധതികൾ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതോ ഭരണാനുമതി ലഭ്യമായിട്ടുള്ളതോ അല്ല. എന്നാൽ പ്രസ്തുത പദ്ധതികൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതാണ് എന്ന് ധനകാര്യ ഇൻഫ്രാസ്ട്രക്ചർ എക്സ് ഒഫിഷ്യോ സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ട്. KIIF ബോർഡിൽ ഉൾപ്പെടുത്തി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകണമെങ്കിൽ മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ, മന്ത്രിസഭയുടെ അനുമതി ലഭ്യമാകുകയാണെങ്കിൽ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പദ്ധതികൾ KIIFB പദ്ധതിയായി നടപ്പിലാക്കുന്നതിന് ഭരണാനുമതി ഉത്തരവ് പൊതുമരാമത്ത് വകുപ്പിൽ നിന്നും പുറപ്പെടുവിക്കാവുന്നതാണ്.

പട്ടിക-2

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ശിപാർശ ചെയ്തിട്ടുള്ള തുക (കോടിയിൽ) |
|---|---|---|
| 1 | തോപ്രാംകുടി മേലേ ചിന്നാർ (Via) സ്കൂൾ സിറ്റി റോഡ് (ch 0/000 to ch 5/000) | ₹ 6.00 |
| 2 | മുനിയറ -ഇല്ലിസിറ്റി റോഡ് — വട്ടക്കണ്ണിപ്പാറ റോഡ് (ch 0/000 to ch 5/400) | ₹ 8.00 |
| 3 | തളക്കാനം -മങ്കുവ -ചിന്നാർ റോഡ് (ch. 15/000 to ch. 16/750) | ₹ 3.10 |
| 4 | ചെറുതോണി - വാഴത്തോപ്പ് -മണിയാറൻകുടി റോഡ് | ₹ 13.00 |
| 5 | മുരിക്കാശ്ശേരി -മേലേ ചിന്നാർ റോഡ് (ch. 0/000 to ch. 10/000) | ₹ 12.00 |
| 6 | ചേലച്ചുവട് - പെരിയാർ -മുരിക്കാശ്ശേരി റോഡ് (km 3/500 to 9/800) | ₹8.00 |
| 7 | പതിനാറാംകണ്ടം -പ്രകാശ് റോഡ് (B/W Ch. 0/000-6/300) | ₹8.00 |
| 8 | കാൽവരിമൗണ്ട് -തങ്കമണി റോഡ് (0/000 to 5/200) | ₹8.00 |
| 9 | തടയമ്പാട് - കുതിരക്കല്ല് -മരിയാപുരം (ch. 0/000 to 6/000) റോഡ്. | ₹8.00 |

5. പട്ടിക(2)ൽ സൂചിപ്പിച്ചിരിക്കുന്ന റോഡുകൾ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

1. തോപ്രാംകുടി മേലേചിന്നാർ (വഴി) സ്കൂൾ സിറ്റി റോഡ് (ch 0//000 to 5//000) -

ടി റോഡ് പൊതുമരാമത്തു വകപ്പ് നിരത്തു വിഭാഗം ഇടുക്കിയുടെ അധീനതയിൽ പരിപാലിച്ചു വരുന്നതാണ്. പ്രസ്തുത റോഡ് അഞ്ച് (5) കിലോമീറ്റർ നീളത്തിൽ ശരാശരി എട്ടു (8) മീറ്റർ ആകെ വീതിയുള്ളതും അതിൽ 4.20 മീറ്റർ വീതിയിൽ 20 mm ഘനത്തിൽ ടാറിങ് ഉപരിതലത്തോട് കൂടിയതുമായ റോഡാണ് നിലവിലുള്ളത്. പ്രസ്തുത - റോഡ് 814880 നിലവാരത്തിൽ പുനരുദ്ധാരണം നടത്തി നവീകരിക്കുന്നതിനായി അറുന്നൂറു (600) ലക്ഷം രൂപ ആവശ്യമായി വരുന്നതാണ്.

2. മുനിയറ - ഇല്ലിസിറ്റി - വട്ടക്കണ്ണിപാറ റോഡ് (ch 0/000 to 5/400) -

ടി റോഡ് പൊതുമരാമത്തു വകപ്പ് നിരത്തു വിഭാഗം ഇടുക്കിയുടെ അധീനതയിൽ പരിപാലിച്ചു വരുന്നതാണ്. പ്രസ്തുത റോഡ് 5.400 കിലോമീറ്റർ നീളത്തിൽ ശരാശരി എട്ടു (8) മീറ്റർ ആകെ വീതിയുള്ളതും അതിൽ 3.80 മീറ്റർ വീതിയിൽ 20 mm ഘനത്തിൽ ടാറിങ് ഉപരിതലത്തോട് കൂടിയതുമായ റോഡാണ് നിലവിലുള്ളത്. പ്രസ്തുത റോഡ് BM&BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തി നവീകരിക്കുന്നതിനായി എണ്ണൂറു (800) ലക്ഷം രൂപ ആവശ്യമായിവരുന്നതാണ്.

3. തള്ളക്കാനം - മങ്കുവ ചിന്നാർ റോഡ് (Ch 15/000 to 16/750) -

ടി റോഡ് പൊതുമരാമത്തു വകപ്പ് നിരത്തു വിഭാഗം ഇടുക്കിയുടെ അധീനതയിൽ പരിപാലിച്ചു വരുന്നതാണ്. പ്രസ്തുത റോഡ് 1.750 കിലോമീറ്റർ നീളത്തിൽ ശരാശരി എട്ടു (8) മീറ്റർ ആകെ വീതിയുള്ളതും അതിൽ 3.80 മീറ്റർ വീതിയിൽ 20 mm ഘനത്തിൽ ടാറിങ് ഉപരിതലത്തോട് കൂടിയതുമായ റോഡാണ് നിലവിലുള്ളത് . പ്രസ്തുത റോഡ് BM&BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തി നവീകരിയ്യന്നതിനായി മുന്നൂറ്റിപ്പത്ത് (310) ലക്ഷം രൂപ ആവശ്യമായിവരുന്നതാണ്.

4. ചെറുതോണി -വാഴത്തോപ്പ് -മണിയാറൻകുടി റോഡ് (ch 0/000 - 9/000)-

ടി റോഡ് പൊതുമരാമത്തു വകപ്പ് നിരത്തു വിഭാഗം ഇടുക്കിയുടെ അധീനതയിൽ പരിപാലിച്ചു വരുന്നതാണ്. പ്രസ്തുത റോഡ് 9.000 കിലോമീറ്റർ നീളത്തിൽ ശരാശരി 8 മീറ്റർ ആകെ വീതിയുള്ളതും അതിൽ (0//000 to 1/300) വരെയുള്ള 1.30 കിലോമീറ്റർ 4.50 വീതിയിൽ BM&BC ഉപരിതലത്തോട്കൂടിയതും ബാക്കിയുള്ള (1/300 to 9/000) വരെയുള്ള 7.700 മീറ്റർ 4.50 വീതിയിൽ 20 mm ഘനത്തിൽ ടാറിങ് ഉപരിതലത്തോട് കൂടിയതുമായ റോഡാണ് നിലവിൽ ഉള്ളത്. പ്രസ്തുത റോഡ് - BM&BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തി നവീകരിക്കുന്നതിനായി ആയിരത്തിമുന്നൂറു (1300 ലക്ഷംരൂപ) ആവശ്യമായിവരുന്നതാണ്.

5. മുരിക്കാശ്ശേരി മേലേചിന്നാർ റോഡ് (ch 0000 to 10/000) -

ടി റോഡ് പൊതുമരാമത്തു വകപ്പ് നിരത്തു വിഭാഗം ഇടുക്കിയുടെ അധീനതയിൽ പരിപാലിച്ചു വരുന്നതാണ്. പ്രസ്തുത റോഡ് പത്തു (10) കിലോമീറ്റർ നീളത്തിൽ ശരാശരി പത്തു (10) മീറ്റർ ആകെ വീതിയുള്ളതും അതിൽ 4.50 മീറ്റർ വീതിയിൽ 20 mm ഘനത്തിൽ ടാറിങ് ഉപരിതലത്തോട് കൂടിയതുമായ റോഡാണ് നിലവിലുള്ളത്. പ്രസ്തുത റോഡ് BM&BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തി നവീകരിക്കുന്നതിനായി ആയിരത്തിയിരുന്നൂറു (1200) ലക്ഷം രൂപ ആവശ്യമായിവരുന്നതാണ്.

6. ചേലച്ചുവട് - പെരിയാർ - മുരിയ്ക്കാശ്ശേരി റോഡ് (ch 3/500 to 9/800) -
ടി റോഡ് പൊതുമരാമത്തു വകപ്പ് നിരത്തു വിഭാഗം ഇടുക്കിയുടെ അധീനതയിൽ പരിപാലിച്ചു വരുന്നതാണ്. പ്രസ്തുത റോഡ് 6.300 കിലോമീറ്റർ നിളത്തിൽ ശരാശരി പന്ത്രണ്ട് (12) മീറ്റർ ആകെ വീതിയുള്ളതും അതിൽ അഞ്ച് (5) മീറ്റർ വീതിയിൽ 20 mm ഘനത്തിൽ ടാറിങ് ഉപരിതലത്തോട് കൂടിയതുമായ റോഡാണ് നിലവിലുള്ളത്. പ്രസ്തുത റോഡ് BM&BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തി നവീകരിയ്ക്കുന്നതിനായി എണ്ണൂറു (800) ലക്ഷം രൂപ ആവശ്യമായിവരുന്നതാണ്.

7. പതിനാറാംകണ്ടം - പ്രകാശ് റോഡ് (ch 0,000 to 6/300) -
ടി റോഡ് പൊതുമരാമത്തു വകപ്പ് നിരത്തു വിഭാഗം ഇടുക്കിയുടെ അധീനതയിൽ പരിപാലിച്ചു വരുന്നതാണ്. പ്രസ്തുത റോഡ് 6.300 കിലോമീറ്റർ നീളത്തിൽ ശരാശരി പന്ത്രണ്ട് (12) മീറ്റർ ആകെ വീതിയുള്ളതും അതിൽ അഞ്ച് (5) മീറ്റർ വീതിയിൽ 20 mm ഘനത്തിൽ ടാറിങ് ഉപരിതലത്തോട് കൂടിയതുമായ റോഡാണ് നിലവിലുള്ളത്. പ്രസ്തുത റോഡ് BM&BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തി നവീകരിയ്ക്കുന്നതിനായി എണ്ണൂറു (800) ലക്ഷം രൂപ ആവശ്യമായിവരുന്നതാണ്.

8. കാൽവരി മൗണ്ട് - തങ്കമണി റോഡ് (ch 0/000 to 5/100 ) -
ടി റോഡ് പൊതുമരാമത്തു വകപ്പ് നിരത്തു വിഭാഗം ഇടുക്കിയുടെ അധീനതയിൽ പരിപാലിച്ചു വരുന്നതാണ് പ്രസ്തുത റോഡ് 5.1 കിലോമീറ്റർ നീളത്തിൽ ശരാശരി 8 മീറ്റർ ആകെ വീതിയുള്ളതും അതിൽ 3.8 മീറ്റർ വീതിയിൽ 20 mm ഘനത്തിൽ ടാറിങ് ഉപരിതലത്തോട് കൂടിയതുമായ റോഡാണ് നിലവിലുള്ളത്. പ്രസ്തുത റോഡ് BM&BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തി നവീകരിയ്ക്കുന്നതിനായി എണ്ണൂറു (800) ലക്ഷം രൂപ ആവശ്യമായിവരുന്നതാണ്.

9. തടിയംപാട് കതിരക്കൽ മരിയാപുരംറോഡ് (ch 0/000 to 6/000) -
ടി റോഡ് പൊതുമരാമത്തു നിരത്തു വിഭാഗം അധീനതയിൽ പരിപാലിച്ചു വരുന്നതാണ്. പ്രസ്തുത റോഡ് 6 കിലോമീറ്റർ നീളത്തിൽ ശരാശരി 8 മീറ്റർ ആകെ വീതിയുള്ളതും അതിൽ 3.8 മീറ്റർ വീതിയിൽ 20 mm ഘനത്തിൽ ടാറിങ് ഉപരിതലത്തോട്കൂടിയതുമായ റോഡാണ് നിലവിൽ ഉള്ളത്. പ്രസ്തുത റോഡ് BM&BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തി നവീകരിയ്ക്കുന്നതിനായി എണ്ണൂറ് (800) ലക്ഷംരൂപ ആവശ്യമായിവരുന്നതാണ്.

---

6. പട്ടിക (1)ലും പട്ടിക(2) ലും ഉൾപ്പെടുത്തിയിരുന്ന പദ്ധതികൾ ചേർത്ത് ഇടുക്കി Special Development Package ആയി അംഗീകരിക്കുന്നതിന് ധനകാര്യ ഇൻഫ്രാസ്ട്രക്ചർ എക്സ് ഒഫിഷ്യോ സെക്രട്ടറി ശിപാർശ ചെയ്യുകയും ബഹു.മുഖ്യമന്ത്രി അംഗീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവാകുകയും ചെയ്തു.

**തീരുമാനിക്കേണ്ട വിഷയം**

1. മേൽപ്പറഞ്ഞിട്ടുള്ള പദ്ധതികൾ 'ഇടുക്കി സ്പെഷ്യൽ ഡെവലപ്മെന്റ് പാക്കേജ് ' എന്ന പേരിൽ KIIFB Funding വഴി നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകാമോ?

2. 'ഇടുക്കി സ്പെഷ്യൽ ഡെവലപ്മെന്റ് പാക്കേജ് ' അംഗീകരിക്കുന്നപക്ഷം പട്ടിക(!) ലെ പദ്ധതികൾക്ക് ഭരണാനുമതി ഇതിനകം തന്നെ നൽകി കഴിഞ്ഞ സാഹചര്യത്തിൽ പ്രവൃത്തികൾ KIIF ബോർഡിൽ സമർപ്പിച്ച് സാധൂകരണം തേടണമെന്ന് നിർദ്ദേശിക്കുകയും പട്ടിക (2)-ൽ കൊടുത്തിട്ടുള്ള പദ്ധതികൾ KIIFB വഴി നടപ്പിലാക്കാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യാമോ?